## കോട്ടയത്ത് കൊറോണ കൺട്രോൾ സെല്ലിലെ പ്രത്യേക സേവനവും മാനസിക പിന്തുണയേകും പ്രവർത്തനങ്ങളും

കോട്ടയം ജില്ലയിൽ കൊറോണ വൈറസ് പ്രതിരോധ പ്രവർത്തനങ്ങളിൽ സജീവ പങ്കാളിത്തം വഹിച്ച് കുടുംബശ്രീ സ്നേഹിത കേന്ദ്രത്തിലെ ഉദ്യോഗസ്ഥരും കമ്മ്യൂണിറ്റി കൗൺസിലർമാരും. കൊറോണ പ്രതിരോധ പ്രവർത്തനങ്ങളിൽ കുടുംബശ്രീ സംവിധാനം ഉപയോഗപ്പെടുത്തുന്നതിനെക്കുറിച്ച് കളക്ടറുമായി മാർച്ച് 18ന് നടത്തിയ ചർച്ചയിലാണ് ജില്ലാ ഭരണകൂടവും ആരോഗ്യവകുപ്പുമായും ഇത്തരത്തിൽ സംയോജിക്കുന്നതിന് തീരുമാനം കൈക്കൊണ്ടത്. സോഷ്യൽ വർക്കിൽ ബിരുദാനന്തര ബിരുദ യോഗ്യതയുള്ള സ്നേഹിത ഉദ്യോഗസ്ഥരുടെയും കമ്മ്യൂണിറ്റി കൗൺസിലർമാരുടെയും സേവനം കൊറോണ കൾട്രോൾ സെല്ലിലേക്ക് ഉപയോഗപ്പെടുത്താമെന്ന് ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥരാണ് നിർദ്ദേശിച്ചത്. കൗൺസിലിങ് നൽകുന്നവരും സർവീസ് പ്രൊവൈഡേഴ്സുമായ ഏഴ് പേരാണ് കോട്ടയത്ത് സ്നേഹിതയിലുള്ളത്. ഇവരിൽ നിന്ന് സോഷ്യൽ വർക്കിൽ ബിരുദാനന്തര ബിരുദമുള്ള മൂന്ന് പേരേയും സൈക്കോളജി ബിരുദാനന്തര ബിരുദമുള്ള ഒരാളെയും കമ്മ്യൂണിറ്റി കൗൺസിലർമാരിൽ സോഷ്യൽ വർക്കിൽ ബിരുദാനന്തര ബിരുദമുള്ളവരിൽ നിന്ന് രണ്ട് പേരെയും സെല്ലിലെ പ്രവർത്തനങ്ങൾക്കായി തെരഞ്ഞെടുത്തു.

മാർച്ച് 19ന് ഇവർക്ക് ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ കളക്ടറേറ്റിൽ ഏകദിന പരിശീലനം നൽകി. കൊറോണ വൈറസ് വ്യാപനം, ലക്ഷണങ്ങൾ എന്നിങ്ങനെ പൊതുജനങ്ങൾക്കുണ്ടായേക്കാവുന്ന സംശയങ്ങളെക്കുറിച്ചും മറ്റ് പ്രതിരോധ പ്രവർത്തനങ്ങളെക്കുറിച്ചുമുള്ള വിഷയങ്ങൾ ഉൾപ്പെടുത്തി നാല് സെഷനുകളിലായായിരുന്നു പരിശീലനം. അതിന് ശേഷം പ്രവർത്തന ഷെഡ്യൂൾ

തയ്യാറാക്കി. ദിവസം രണ്ട് ഷിഫ്ടുകളിലായി (രാവിലെ 9 മുതൽ ഉച്ച് 1 മണി വരെയും 1 മണി മുതൽ വൈകുന്നേരം അഞ്ച് വരെയും) നാല് പേർ 20,21,22,23 തീയതികളിൽ കോട്ടയത്ത് കളക്ടറേറ്റിൽ പ്രവർത്തിക്കുന്ന കൺട്രോൾ സെല്ലിൽ എത്തി സേവനം നൽകുകയായിരുന്നു. ഫോൺ വഴി മറുപടി നൽകുന്നതിനൊപ്പം വിശദാംശങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ചെയ്തു. കൗൺസിലിങ് ആവശ്യമുള്ളവർക്ക് ആ സേവനങ്ങളും നൽകി.

മാർച്ച് 24ന് രാജ്യം സമ്പൂർണ്ണ ലോക്ക് ഡൗണിലേക്ക് പോയതോടെ കൺട്രോൾ സെല്ലിൽ നേരിട്ട് എത്തി സേവനങ്ങൾ നൽകുന്നതിന് ഇവർക്ക് ബുദ്ധിമുട്ട് നേരിട്ടു. ഇതോടെ അന്ന് മുതൽ സ്നേഹിതയിലേക്ക് ബന്ധപ്പെടാനുള്ള മൊബൈൽ നമ്പർ ആരോഗ്യ വകുപ്പ് വിവിധ ഇടങ്ങളിൽ പരസ്യപ്പെടുത്തുകയും അതുവഴി നേരിട്ട് കൗൺസിലിങ് സേവനങ്ങൾ നൽകി തുടങ്ങി, കൂടാതെ കൺട്രോൾ സെല്ലിലേക്ക് വരുന്ന ഫോൺ കോളുകൾ സ്നേഹിതയുടെ മൊബൈൽ നമ്പരിലേക്ക് തിരിച്ച് വിട്ട് സേവനങ്ങൾ നൽകുന്നത് തുടരുകയും ചെയ്തു.

ഇത് കൂടാതെ ജില്ലയിലെ സ്നേഹിത കോളിങ് ബെൽ പദ്ധതിയുടെ സ്വീകർത്താക്കളെ ഫോൺ വഴി ബന്ധപ്പെട്ട് മാനസിക പിന്തുണയേകുന്ന സേവനങ്ങൾ ജില്ലയിലെ 30 കമ്മ്യൂണിറ്റി കൗൺസിലർമാരും നൽകി വരുന്നു. കൂടാതെ അയൽക്കൂട്ടാംഗങ്ങൾക്കിടയിൽ സ്നേഹിത മൊബൈൽ നമ്പർ പരസ്യപ്പെടുത്തി ആശങ്കകൾ അകറ്റുകയും ചെയ്യുന്നു. ഒറ്റപ്പെട്ട് പോകുന്നവർ പലരുടെയും മരുന്ന്, ഭക്ഷണം ഉൾപ്പെടെയുള്ള ആവശ്യങ്ങളെക്കുറിച്ച് അറിയാനും അതിന് പരിഹാരം കാണുകയും ചെയ്യുന്നു. ഇത്തരത്തിൽ സാധാരണക്കാരിൽ സാധാരണക്കാർക്കുണ്ടാകുന്ന ആകുലതകൾ അകറ്റുന്നതിനുള്ള ശ്രമങ്ങൾ ഇവർ അക്ഷീണം തുടരുന്നു.